# പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി

# പാലാ കാർഷികമേള 2015

## ഹൈസ്കൂൾ വിദ്യാർത്ഥികൾക്കായി

# മെഗാ ക്വിസ് മത്സരം

ബഹുമാന്യരേ,

പാലാ രൂപതയുടെ സാമൂഹ്യക്ഷേമവികസന വിഭാഗമായ പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി സംഘടിപ്പിക്കുന്ന മൂന്നാമത് പാലാ കാർഷികമേള **2015 ഡിസംബർ 27 മുതൽ 30 വരെ** പാലാ ടൗണിൽ നടത്തപ്പെടുകയാണ്. ***"കൂട്ടായ്മയിലൂടെ കൃഷിഭൂമിയിലേക്ക്"*** എന്ന ആശയം മുൻനിറുത്തി ആയിരത്തിൽപരം സ്വയംസഹായസംഘങ്ങളുടെയും കർഷകദളങ്ങളുടെയും പങ്കാളിത്തത്തോടെ സംഘടിപ്പിക്കുന്ന മൂന്നാമത് പാലാ കാർഷികമേളയോടനുബന്ധിച്ച് വിവിധ കലാ - സാംസ്കാരിക, കായിക മൽസരങ്ങൾ നടത്തപ്പെടും.

പാലാ രൂപതയുടെ പരിധിക്കുള്ളിൽ പ്രവർത്തിക്കുന്ന എല്ലാ ഹൈസ്കൂളുകളിലെയും വിദ്യാർത്ഥികൾക്കായി **"കേരളത്തെ കണ്ടെത്തൽ" എന്ന പേരിൽ മെഗാ ക്വിസ് മൽസരം** സംഘടിപ്പിക്കുകയാണ്. 60% ചോദ്യങ്ങൾ കൃഷി അനുബന്ധ മേഖലകളിൽനിന്നും 40% ചോദ്യങ്ങൾ പൊതുവിജ്ഞാനവും അടിസ്ഥാനമാക്കി ആയിരിക്കും. സ്കൂൾ തലത്തിലുള്ള പ്രാഥമികറൗണ്ട് മൽസരം കേരളപിറവി മാസമായ നവംബറിൽ സംഘടിപ്പിക്കേണ്ടതും സ്കൂൾതലത്തിൽ വിജയികളാകുന്നവർക്കായി രണ്ടാം റൗണ്ട് മൽസരങ്ങൾ ഡിസംബർ 19-ാം തീയതി പാലാ സെന്റ് തോമസ് ഹയർ സെക്കന്ററി സ്കൂളിൽ വച്ചും ഫൈനൽ മൽസരം കാർഷികമേള പന്തലിൽ വെച്ച് ഡിസംബർ 28 നും നടത്തപ്പെടുന്നതാണ്.

വിവിധ തലങ്ങളിൽ മൽസരവിജയികളാകുന്നവർക്ക് ആകർഷകമായ പുരസ്കാരങ്ങൾ സമ്മാനിക്കപ്പെടും. ഫൈനലിൽ ഒന്നും, രണ്ടും, മൂന്നും സ്ഥാനങ്ങളിലെത്തുന്ന ടീമുകൾക്ക് യഥാക്രമം **2000, 1500, 1000 രൂപ ക്യാഷ് പ്രൈസും മെഡലും** സമ്മാനിക്കുന്നതാണ്.

സ്കൂൾ തലത്തിലുള്ള മൽസരങ്ങൾ നവംബർ 21-ാം തീയതി സംഘടിപ്പിക്കണം. മാതൃകാ ചോദ്യങ്ങൾ തയ്യാറാക്കി സീൽ ചെയ്ത കവറുകളും മൽസരം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങളും നവംബർ 20-ാം തീയതിക്കകം സ്കൂളുകളിൽ എത്തിക്കുന്നതാണ്. സ്കൂൾതല മൽസരത്തിൽ നിന്നും 2 പേരടങ്ങുന്ന ഒരു ടീമിനെയാണ് രൂപതാതല മൽസരത്തിന് അയക്കേണ്ടത്. **ഓരോ സ്കൂളിൽനിന്നും വിജയികളാകുന്ന ടീമിന്റെ പേരുവിവരം നവംബർ 28 നകം പാലാ ഷലോം പാസ്റ്ററൽ സെന്ററിലുള്ള P.S.W.S. ഹെഡ് ഓഫീസിൽ** ഏൽപ്പിക്കേണ്ടതാണ്.

പാലാ രൂപതാ കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയുടെ സഹകരണത്തോടെ സംഘടിപ്പിക്കുന്ന പ്രശ്നോത്തരി മൽസരത്തിന്റെ വിജയകരമായ സംഘാടനത്തിന് ബഹു. സ്കൂൾ മാനേജർമാർ, പ്രഥമാധ്യാപകർ, അധ്യാപക, അനധ്യാപക സുഹൃത്തുക്കൾ തുടങ്ങി വിദ്യാർത്ഥികൾ ഏവരുടെയും സഹകരണം അഭ്യർത്ഥിച്ചുകൊള്ളുന്നു.

**ഫാ. മാത്യു ചന്ദ്രൻകുന്നേൽ**
സെക്രട്ടറി, P.S.W.S. &
മാനേജർ, കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി

**ഫാ. മാത്യു പുല്ലുകാലായിൽ**
പ്രസിഡന്റ് & ഡയറക്ടർ
P.S.W.S.

**കൂടുതൽ വിവരങ്ങൾക്ക് : 04822-210463, 212034**